# പ്രപഞ്ചനാഥന്റെ സന്ദേശം

ദ ട്രൂത്ത്
സെന്റർ ഫോർ ഡിവൈൻ എജ്യൂക്കേഷൻ
മർകസുദ്ദഅ്‌വ, കണ്ടംകുളം റോഡ്, കോഴിക്കോട്

بسم الله الرحمن الرحيم

# പ്രസാധകക്കുറിപ്പ്

ഭൂമി, സൂര്യൻ, ചന്ദ്രൻ, ഇതരഗോളങ്ങൾ, ഇവയുൾക്കൊള്ളുന്ന സൗരയൂഥം! നിരവധി സൗരയൂഥങ്ങൾ വേറെയും! പ്രപഞ്ചത്തിന്റെ ഈ വ്യവസ്ഥാപിത ഭാവം, ഇതിനു പിറകിലെ ഒരു സ്രഷ്ടാവിലേക്കും നിയന്താവിലേക്കും വിരൽ ചൂണ്ടുന്നു. സ്രഷ്ടാവും നിയന്താവുമായ ആ ശക്തിയത്രെ ദൈവം. ഇവിടെ നിരവധി ജീവജാലങ്ങളുണ്ട്. പക്ഷെ വിശേഷബുദ്ധിയുള്ള വർഗം ഒന്നുമാത്രം; മനുഷ്യർ! എന്തുകൊണ്ട് മനുഷ്യനുമാത്രം ദൈവം വിശേഷബുദ്ധി നല്കി? ഭൗതികമായ നിർവചനങ്ങളൊന്നും തൃപ്തികരമല്ല. മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ത്? മനുഷ്യനെങ്ങനെ ജീവിക്കണം? എന്താണ് ധർമാധർമങ്ങൾ? മൗലികമായ ഈ ചോദ്യങ്ങൾക്ക് ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ ഉത്തരങ്ങളില്ല.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ദൈവദൂതന്മാരിലൂടെ പ്രപഞ്ചസ്രഷ്ടാവായ ദൈവം വേദഗ്രന്ഥങ്ങൾ വഴി മനുഷ്യർക്കായി നല്കിവന്നത്. മനുഷ്യരെ നേർപഥത്തിൽ നയിക്കാൻ നിരവധി വേദഗ്രന്ഥങ്ങൾ ദൈവം അവതരിപ്പിച്ചിട്ടുണ്ട്. ധാരാളം പ്രവാചന്മാരെ നിയോഗിച്ചിട്ടുമുണ്ട്. അവസാനത്തെ ദൈവദൂതനത്രെ മുഹമ്മദ് നബി. അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ദൈവം ദൈവത്തിന്റെ ദർശനത്തിനു നല്കിയ പേര് 'ഇസ്‌ലാം' എന്നത്രെ. സമർപ്പണം, സമാധാനം, അനുസരണം എന്നൊക്കെയാണ് ഇസ്‌ലാം എന്ന പദത്തിന്റെ അർഥം. ദൈവിക ദർശനങ്ങളിലൂടെ മാത്രമേ യഥാർഥ മോക്ഷം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് ദൈവം നമ്മെ അറിയിച്ചു. ദൈവികസന്ദേശം ജനങ്ങളിലേക്കെത്തിച്ചു കൊടുക്കാനുള്ള ഒരു എളിയ സംരംഭമത്രെ ദ ട്രൂത്ത്. പട്ടേൽതാഴത്ത് നടന്ന ഖുർആൻ ഓപ്പൺ ഫോറത്തിൽ അമുസ്‌ലിം ബുദ്ധിജീവികൾക്ക് മുന്നിൽ അവതരിപ്പിക്കട്ടെ പ്രബന്ധമാണിത്. സത്യാന്വേഷണ രംഗത്ത് ഈ ലഘുകൃതി താങ്കൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡയറക്ടർ**

30-08-2009 ദ ട്രൂത്ത്

# പ്രപഞ്ച നാഥന്റെ സന്ദേശം

നമ്മെ സൃഷ്ടിച്ച നമ്മുടെ നാഥൻ, നമുക്ക് നല്കിയ സന്ദേശമായ വിശുദ്ധ ഖുർആനിനെക്കുറിച്ച് അല്പം.

## വിശുദ്ധ ഖുർആൻ

എന്താണ് ഖുർആൻ? പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ ദൈവം മാനവസമൂഹത്തെ നേർപഥത്തിൽ നയിക്കാൻ അവസാനമായി അവതരിപ്പിച്ച വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

''ഇതത്രെ ഗ്രന്ഥം! ഇതിൽ സംശയമേയില്ല. ജീവിതത്തിൽ സൂക്ഷ്മത പാലിക്കുന്നവർക്ക് ഇത് മാർഗദർശനമത്രെ.''(2:2)

"പ്രതാപവാനും കരുണാമയനുമായ (സാക്ഷാൽ ജഗദീശ്വര)നിൽ നിന്നും അവതീർണമായതത്രെ ഇത്.''(36:5)

"ഇതത്രെ തത്വസമ്പൂർണമായ വേദം. സദ്‌വൃത്തർക്ക് സന്മാർഗവും കരുണ്യവും.'' (31:2,3)

## ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നു

ഖുർആനിന് ഖുർആൻ നല്കുന്ന സ്വയം വിശേഷണങ്ങൾ

ബുർഹാൻ (ആധികാരികരേഖ/പ്രമാണം), ഫുർഖാൻ (സത്യാസത്യവിവേചനം), ഹുദ(സന്മാർഗം), ശിഫ(ശമനൗഷധം), നൂർ (പ്രകാശം), ഹബ്‌ലുല്ലാഹ് (ദൈവീക പാശം) എന്നൊക്കെയാണ്.

ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും ആ ലക്ഷ്യത്തിലേക്കുള്ള മാർഗത്തെക്കുറിച്ചും നമുക്ക് ദർശനം നല്കുന്ന ഒരു വഴികാട്ടിയാണ് ഖുർആൻ. സത്യാസത്യങ്ങളെക്കുറിച്ച് തിരിച്ചറിവ് നല്കുന്ന ഒരു ആധികാരിക പ്രമാണവും നന്മ തിന്മകളെക്കുറിച്ച് ബോധനം നല്കുന്ന ഒരു അവലംബരേഖയുമാകുന്നു ഖുർആൻ. അജ്ഞതയുടെ അന്ധകാരത്തിലലയുന്നവർക്ക് ദിവ്യജ്ഞാനത്തിന്റെ പ്രകാശഗോപുരവും നോവുന്ന ആത്മാവുകൾക്ക് ശമനൗഷധവും സർവോപരി ദൈവത്തേയും മനുഷ്യനേയും തമ്മിൽ ബന്ധിപ്പിക്കുന്ന അദൃശ്യവും എന്നാൽ ബലിഷ്ഠവുമായ പാശവുമാകുന്നു ഖുർആൻ.

## അർഥവും ആശയവും

ഖുർആൻ എന്ന പദത്തിന്റെ അർഥം വായിക്കുന്നത് വായിക്കപ്പെടേണ്ടത് എന്നൊക്കെയാണ്. ഏതൊരു മനുഷ്യനും അനിവാര്യമായും വായിച്ചിരിക്കേണ്ട ദൈവീകസന്ദേശം എന്നതാണ് ഇതിന്റെ ആശയം. ലോകത്ത് ഏറ്റവും അധികം വായിക്കപ്പെടുന്ന ഗ്രന്ഥം ഖുർആൻ ആണെന്നോർക്കുക.

## ഖുർആൻ വെല്ലുവിളിക്കുന്നു

നൂറുശതമാനം ദൈവത്തിൽ നിന്നുള്ള വചനങ്ങളാണ് വിശുദ്ധ ഖുർആൻ. ദൈവത്തിന്റേതല്ലാത്ത ഒരു വരിയോ വാക്കോ അക്ഷരമോ പോലും ഖുർആനിലില്ലെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. മാത്രമല്ല, ഇതുപോലെയുള്ള ഒരു ഗ്രന്ഥമോ ഇതിലെ ഏതെങ്കിലും അധ്യായത്തിന് തുല്യമായ ഒരധ്യായമോ രചിക്കാൻ ഖുർആൻ ലോകത്തെ വെല്ലുവിളിക്കുന്നു. ദൈവേതര ശക്തികളുടെ മുഴുവൻ കൂട്ടായ്മ സ്വരൂപിച്ചാലും നിങ്ങൾക്കതിന് സാധ്യമല്ലെന്ന് ഖുർആൻ വെല്ലുവിളി സ്വരത്തിൽ പ്രഖ്യാപിക്കുന്നു.

“നാം നമ്മുടെ ദാസന് അവതരിപ്പിച്ചതിൽ നിങ്ങൾ സംശയാലുക്കളാണോ? എങ്കിൽ ഇതിലെ അധ്യായത്തിനു തുല്യമായ ഒരധ്യായമെങ്കിലും കൊണ്ടുവരിക. അല്ലാഹു അല്ലാത്ത നിങ്ങളുടെ മുഴുവൻ മിത്രങ്ങളെയും നിങ്ങൾ അതിനായി അണിനിരത്തിക്കൊള്ളുക! നിങ്ങൾ സത്യവാദികളാണെങ്കിൽ (2:23) 1400 വർഷങ്ങളിലേറെയായി തകർക്കപ്പെടാതെ ഈ വെല്ലുവിളി ഇന്നും നിലനില്ക്കുന്നു.

## അവതരണ ചരിത്രം

1400 വർഷങ്ങൾക്കു മുമ്പ് അവസാനത്തെ ദൈവദൂതനായ മുഹമ്മദ് നബിയിലൂടെയാണ് ദൈവം മാനവലോകത്തിനായി ഖുർആൻ അവതരിപ്പിക്കുന്നത്. മുഹമ്മദ് നബിക്ക് 40 വയസ്സ് പൂർത്തീകരിക്കപ്പെട്ട അവസരത്തിലാണ് ഖുർആനിന്റെ അവതരണാരംഭം. ശേഷം 23 വർഷങ്ങളിലായി വിവിധ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും അവസരോചിതമായി അവതരിപ്പിക്കപ്പെട്ട ദിവ്യവെളിപാടുകളുടെ സമാഹാരമാണ് വിശുദ്ധ ഖുർആൻ. 114 അധ്യായങ്ങളും 6236 വചനങ്ങളുമുണ്ട് ഖുർആനിൽ.

## ഉള്ളടക്കത്തിന്റെ രത്നചുരുക്കം

മനുഷ്യനാണ് ഖുർആനിന്റെ അഭിസംബോധിതൻ. ആരാണ് മനുഷ്യൻ? എന്തുകൊണ്ട് മനുഷ്യനുമാത്രം വിശേഷബുദ്ധി നല്കപ്പെട്ടു? മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ത്? എന്താണ് നന്മ? എന്താണ് തിന്മ? എന്താണ് ധർമം? എന്താണ് അധർമം? മനുഷ്യനെ ആരാണ് സൃഷ്ടിച്ചത്? എന്തിനാണ് സൃഷ്ടിച്ചത്? മരണത്തിനു ശേഷം എന്തു സംഭവിക്കുന്നു?

ഒരു ഗവേഷണ ശാലയിലും പരീക്ഷണശാലയിലും ഉത്തരം കണ്ടെത്താനാവാത്ത, എന്നും മനുഷ്യനു മുന്നിൽ ഒരു സമസ്യയായുരുന്ന ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ദൈവീക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ. പ്രപഞ്ചത്തേയും പ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യനേയും സൃഷ്ടിച്ചത് ദൈവമാണ്. ദൈവത്തിന് മാത്രമാണ് മനുഷ്യധിഷണക്ക്

മുന്നിൽ വെല്ലുവിളിയുയരുന്ന ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം നല്കാനുള്ള ആധികാരികമായ അർഹത.

വിശുദ്ധ ഖുർആൻ മനുഷ്യജീവിതത്തിന്റെ സകലതലങ്ങളിലേക്കുള്ള സമൂലവും സമഗ്രവും ആയ ഒരു സമ്പൂർണ മാർഗദർശനമാണ്. വ്യക്തിജീവിതം, കുടുംബജീവിതം, സാമൂഹ്യജീവിതം, രാഷ്ട്ര-അന്താരാഷ്ട്ര തലങ്ങൾ, സാമ്പത്തിക-നീതിന്യായ മേഖലകൾ തുടങ്ങി മനുഷ്യജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കും ഖുർആൻ കൃത്യവും വ്യക്തവുമായ മാർഗനിർദേശങ്ങൾ നല്കുന്നു.

## മൗലികാശയങ്ങൾ

ഖുർആൻ ഉന്നയിക്കുന്ന മൗലികാശയങ്ങളെ മൂന്നായി സംഗ്രഹിക്കാം.

1. ദൈവസങ്കല്പം
2. മാനവിക സങ്കല്പം
3. ജീവിതലക്ഷ്യം

## 1. ദൈവസങ്കല്പം ഖുർആനിൽ

പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം ഏകനാണെന്നും അവന് യാതൊരുവിധ പങ്കുകാരുമില്ലെന്നും അവനാണ് ആദിയും അനാദിയുമെന്നും മനുഷ്യൻ അവനെ അനുസരിച്ച് അവന് കീഴ്പ്പെട്ട് ആരാധനയുടെ മുഴുവൻ ഭാവങ്ങളും അവന് മാത്രം സമർപ്പിച്ച് ജീവിക്കണമെന്നും ഖുർആൻ ആഹ്വാനം ചെയ്യുന്നു.

അറബിഭാഷയിൽ ദൈവത്തിനു പറയുന്ന പേരാണ് അല്ലാഹു എന്നത്. വിശേഷണനാമങ്ങളായി 99 ഓളം പേരുകൾ ദൈവത്തിന്റേതായി ഖുർആൻ ഉദ്ധരിക്കുന്നുണ്ട്.

ചില ഉദാഹരണങ്ങൾ.

സ്വമദ്-സർവർക്കും ആശ്രയമായുള്ളവൻ, ഖാലിഖ്-സ്രഷ്ടാവ്, റഹ്മാൻ-പരമകാരുണികൻ, റബ്ബ്-രക്ഷാധികാരി, മാലിക്-ഉടമസ്ഥൻ, റഹീം-കരുണാനിധി, ഇങ്ങനെ പോകുന്നു ദൈവത്തിന്റെ വിശേഷണനാമങ്ങൾ. മനുഷ്യൻ ഏതെങ്കിലും വ്യക്തിയേയോ പ്രാപഞ്ചിക പ്രതിഭാസത്തേയോ ദൈവേതരമായ മറ്റെന്തിനേയുമെങ്കിലുമോ ആരാധിക്കാൻ പാടില്ലെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. വിഗ്രഹങ്ങൾ... ചിത്രങ്ങൾ.... രൂപങ്ങൾ ഒന്നിനേയും ആരാധിച്ചുകൂടാ. കാരണം ഈ പ്രപഞ്ചവും ഇതിലുള്ള അചേതനവും സചേതനവുമായ സകലതും ദൃശ്യവും അദൃശ്യവുമായ സർവതും സൃഷ്ടിച്ചത് ദൈവമാണ്. പരിപാലിക്കുന്നതും ദൈവംതന്നെ. എന്നിരിക്കെ, ദൈവമല്ലാത്തവയെ ആരാധിക്കുന്നതിൽ എന്തു ന്യായം?

ഖുർആൻ പറയുന്നു:

“പറയുക അവൻ(അല്ലാഹു) ഏകനത്രെ. അവൻ ഏവർക്കും

ആശ്രയവും ആരെയും ആശ്രയിക്കാത്തവനുമത്രെ. അവൻ ജനിച്ചിട്ടില്ല. ജനിപ്പിച്ചിട്ടുമില്ല. അഥവാ അവൻ പിതാവോ പുത്രനോ അല്ല-അവന് തുല്യനായി ആരുമില്ല. (അധ്യായം 112)

"ഹേ ജനങ്ങളേ! നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ മാത്രം ആരാധിക്കുക...(2:2)

മുഹമ്മദ് നബിയേയും യേശുക്രിസ്തുവിനേയും മറ്റു മഹാന്മാരേയും അവതാര പുരുഷന്മാരായി നാം സങ്കല്പിക്കുന്നവരേയുമെല്ലാം സൃഷ്ടിച്ചത് ദൈവമാണെന്നും അവരെ ആദരിക്കുകയും ബഹുമാനിക്കുകയും അവരുടെ ആശയാദർശങ്ങൾ അനുധാവനം ചെയ്യുകയും വേണമെന്നും എന്നാൽ അവരെ ഒരിക്കലും ആരാധിച്ചുകൂട എന്നുമാണ് ഖുർആൻ നല്കുന്ന സന്ദേശം.

### 2. മാനവിക സങ്കല്പം

സർവവിധ ഉച്ചനീചത്വങ്ങൾക്കുമതീതമായി മനഷ്യരൊന്നാണ് എന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ലോകത്തുള്ള മുഴുവൻ മനുഷ്യരും ഒരു പിതാവിന്റെയും മാതാവിന്റെയും മക്കളാണ്.

ഖുർആനിലൂടെ അല്ലാഹു പറയുന്നു:

"ഹേ ജനങ്ങളേ! ഒരാണിൽ നിന്നും പെണ്ണിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. നിങ്ങളെ വിവിധ കുടുംബങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാകുന്നു. നിങ്ങളിൽ ഏറ്റവും ഉത്തമൻ ജീവിതത്തിൽ ഏറ്റവുമധികം ധർമനിഷ്ഠ പാലിക്കുന്നവനത്രെ."(49:13)

പ്രവാചകൻ വിശദീകരിച്ചു.

"അറബിക്ക് അനറബിയേക്കാളും വെളുത്തവന് കറുത്തവനേക്കാളും ഒരു ശ്രേഷ്ഠതയുമില്ല; ദൈവഭയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ."

മനുഷ്യവകാശ പ്രഖ്യാപനം എന്ന് ചരിത്രത്തിൽ പ്രസിദ്ധമായ പ്രവാചകന്റെ അവസാനത്തെ പ്രസംഗത്തിൽ പ്രവാചകൻ പ്രഖ്യാപിച്ചു. 'അജ്ഞാന കാലത്തെ സകലമാന കുലമഹിമാസങ്കല്പങ്ങളും ഞാനിതാ ചവിട്ടിയരയ്ക്കുന്നു. "ഒരേ ഒരു ദൈവം ഒരൊറ്റ ജനത എന്ന മഹത്തായ ആശയത്തിന്റെ പ്രഖ്യാപനം കൂടിയായിരുന്നു അത്.

## മനുഷ്യന്റെ സവിശേഷത

ഭൂമിയിൽ ദൈവത്തിന്റെ കല്പന ശിരസാവഹിക്കേണ്ടവനാണ് മനുഷ്യൻ എന്നാണ് ഖുർആന്റെ പ്രഖ്യാപനം. അതുകൊണ്ടുതന്നെ മനുഷ്യൻ സ്വാഭിഷ്ടം പ്രവർത്തിക്കാതെ ദൈവകല്പന പാലിക്കാൻ ബാധ്യസ്ഥനാണ്. മനുഷ്യേതര ജീവജാലങ്ങളിൽ നിന്നും മനുഷ്യനുള്ള വ്യതിരക്തത, മനുഷ്യന് ഇച്ഛാസ്വാതന്ത്ര്യം നല്കപ്പെട്ടു എന്നതാണ്. ഇഷ്ടമുള്ളത് ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനുമുള്ള

സ്വാതന്ത്ര്യം. ഇതര ജീവജാലങ്ങൾ, ജന്മസിദ്ധപ്രകൃതത്തിലും നൈസർഗിക ഭാവനത്തിനുമനു സൃതമായി ജീവിക്കുമ്പോൾ, മനുഷ്യന് ഇഷ്ടമുള്ള പാത തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നല്കപ്പെട്ടു.

## ദൈവീകനിയമ സംഹിത

ദൈവം ലോകത്തിന് ഒരു വ്യവസ്ഥ നിർണയിച്ചിട്ടുണ്ട്. പ്രാപഞ്ചിക നിയമം, പ്രകൃതിവ്യവസ്ഥ എന്നൊക്കെ നമുക്കിതിനെ വിശേഷിപ്പിക്കാം. ഭൂമി കറങ്ങുന്നതും സൂര്യൻ ചലിക്കുന്നതും ചന്ദ്രൻ ഭൂമിയെ ഭ്രമണം ചെയ്യുന്നതും ഒരു സസ്യം മുളച്ചുപൊങ്ങി വളർന്നുപന്തലിച്ചു കായ്കനികൾ ഉല്പാദിപ്പിക്കുന്നതും ദൈവം നിശ്ചയിച്ച ഈ വ്യവസ്ഥയുടെ ഭാഗമാണ്. നമ്മുടെ ആമാശയത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനവും ദൈവം നിർണയിച്ച ഈ വ്യവസ്ഥയുടെ ഭാഗം തന്നെ.

ഈ പ്രകൃതിവ്യവസ്ഥക്ക് ദൈവം ഖുർആനിലൂടെ നല്കുന്ന വിശേഷണം 'ദീനുൽ ഖയ്യിം'- നിലനില്ക്കുന്ന പ്രകൃതിമതം എന്നാണ്. ഈ പ്രകൃതിമതത്തിന് ഖുർആൻ നല്കുന്ന നാമമാണ് ഇസ്ലാം. അഥവാ അനുസരണം, സമർപ്പണം. പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിനുള്ള സമർപ്പണം. ഇസ്ലാം എന്ന പദത്തിന്റെ മറ്റൊരർഥം. ശാന്തി, സമാധാനം എന്നൊക്കെയാണ്. ദൈവത്തെ അനുസരിക്കുന്നതിലൂടെ മാത്രമാണ്, യഥാർഥ ശാന്തി വ്യക്തിക്കും ലോകത്തിനാകെയും ലഭിക്കൂ എന്നർഥം.

ദൈവത്തിനനുസരിച്ചവർക്ക് പറയുന്ന പേരാണ് മുസ്ലിം എന്നത്. സാങ്കേതികാർഥത്തിൽ ഈ പ്രപഞ്ചത്തിലെ സകലതും ദൈവത്തെ അനുസരിക്കുന്നു. അതുകൊണ്ട് തന്നെ മുസ്ലിം എന്ന വിശേഷണത്തിന് അവ അർഹമാണ്. ആകാശഭൂമികളും അതിലുള്ള 'സകലതും ദൈവത്തെ പ്രകീർത്തിക്കുന്നു' എന്ന് ഖുർആൻ പറയുന്നു. പ്രപഞ്ചവും അതിലുള്ള സകലതും ദൈവത്തെ അനുസരിച്ചാണ് നിലകൊള്ളുന്നത്. നമ്മുടെ ശരീരംപോലും അതുകൊണ്ടാണല്ലോ നമ്മോടനുവാദം വാങ്ങാതെ, നമ്മുടെ ഹൃദയം, അതിന്റെ പ്രവർത്തനം നിർത്തിക്കളയുന്നത്. അവയുടെ നിയന്ത്രണം നമ്മുടെ കൈകളിലല്ല എന്നർഥം. ചിന്ത, സംസാരം, പ്രവൃത്തി തുടങ്ങിയ പരിമിതമായ ഒരു വൃത്തത്തിനകത്ത് നമുക്ക് സ്വാതന്ത്ര്യം നല്കപ്പെട്ടിരിക്കുന്നു. ഇഛാസ്വാതന്ത്ര്യം! മനുഷ്യന്റെ സ്വതന്ത്രമായ ഈ വ്യക്തിത്വത്തിന് മുന്നിലാണ് ദൈവം ദൂതന്മാരിലൂടെ വേദം അവതരിപ്പിക്കുന്നത്.

## ഇഛാസ്വാതന്ത്ര്യം

ദൈവകല്പന പാലിക്കുന്നതിലാണ് വ്യക്തിയുടെ വിജയം. മനുഷ്യന് ശാന്തിയും ജീവിത വിജയവും കൈവരിക്കാൻ അതനിവാര്യമാണ്. എങ്കിലും ദൈവത്തെ ധിക്കരിക്കണം എന്നുദ്ദേശിക്കുന്നവന് അതിന് സാധിക്കുന്ന പ്രകൃതത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ഖുർആൻ പറയുന്നു.

“ഏറ്റവും നല്ല പ്രകൃതത്തിലത്രെ മനുഷ്യനെ നാം സൃഷ്ടിച്ചത്. എന്നിട്ട് ചിലർ അധമരിൽ അധമനാകുന്നു. എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നിലയ്ക്കാത്ത ആ പ്രതിഫലമുണ്ട്.” (95:46)

“മതത്തിൽ നിർബന്ധമില്ല. സത്യവും അസത്യവും വ്യക്തമായി വേർതിരിക്കപ്പെട്ടിരിക്കുന്നു...”(2:256)

“ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ.”(18:29)

## തീവ്രവാദത്തോടുള്ള നിലപാട്

ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ സമാധാനം എന്നാണ്. “അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു.”(10:29) എന്നു ഖുർആൻ പറയുന്നു. അതുകൊണ്ട് തന്നെ യാതൊരുവിധ തീവ്രവാദത്തെയും ഭീകരവാദത്തെയും ഖുർആൻ അനുവദിക്കുന്നില്ല. പ്രവാചകന്റെ പ്രബോധനത്തിന്റെ പ്രഥമഘട്ടം മക്കയിലായിരുന്നു. പതിമൂന്നു വർഷങ്ങൾ. ഇക്കാലമത്രയും നിഷ്ഠൂരമായ മർദന പീഡനങ്ങൾക്ക് പ്രവാചകരും അനുചരന്മാരും വിധേയരായി. പ്രതിക്രിയകൾക്കോ അക്രമങ്ങൾക്കോ അവരാരും മുതിർന്നില്ല. സഹനത്തിന്റെ നീണ്ട പതിമൂന്ന് സംവത്സരങ്ങൾ.

മദീനയിലേക്കുള്ള പലായനത്തിനുശേഷം സ്വന്തമായൊരു രാഷ്ട്രം രൂപപ്പെട്ടപ്പോൾ, അവിടുത്തെ സ്ത്രീകളും കുട്ടികളും വൃദ്ധരുമടങ്ങുന്ന പൗരന്മാരുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടത് രാഷ്ട്രധർമത്തിന്റെ ഭാഗമായിരുന്നു. അത്തരമൊരു അനിവാര്യഘട്ടത്തിൽ പ്രതിരോധം എന്ന നിലക്കാണ് യുദ്ധം പോലും ഖുർആൻ അനുവദിക്കുന്നത്. (22:39)

യുദ്ധഘട്ടത്തിൽ പാലിക്കേണ്ട മര്യാദകൾ പ്രവാചകൻ പഠിപ്പിച്ചു. നിരപരാധികളെ വധിക്കരുത്. സ്ത്രീകളെ ദ്രോഹിക്കരുത്. കൃഷി നശിപ്പിക്കരുത്. കെട്ടിടങ്ങൾ തകർക്കരുത്...

ഇത്തരം ശിക്ഷണത്തിന് വിധേയനാവുന്ന ഒരു വ്യക്തിക്ക് എങ്ങനെയാണ് നിരപരാധികളെ കൊന്നൊടുക്കുകയും കെട്ടിടങ്ങൾ തകർക്കുകയും ചെയ്യുന്ന ഒരു തീവ്രവാദിയാവാൻ കഴിയുക.

മതത്തിന്റെ കാര്യത്തിൽ പോലും തീവ്രത പുലർത്തുന്നത് പ്രവാചകൻ വിലക്കി; “മതത്തിൽ തീവ്രത പുലർത്തിയവൻ നശിച്ചതു തന്നെ.” തീവ്രതയ്ക്കും ജീർണതയ്ക്കുമിടയിലുള്ള ഒരു മധ്യമസമൂഹമെന്ന നിലയ്ക്കാണ് ഖുർആൻ മുസ്‌ലിംകളെ വിശേഷിപ്പിക്കുന്നത്.

മതത്തിന്റെ കാതലായ വശം വിട്ടുവീഴ്ചയും ഗുണകാംക്ഷയുമാണ്. ‘വിട്ടുവീഴ്ച ഏതൊരു കാര്യത്തേയും മനോഹരമാക്കാതിരിക്കില്ല.” എന്നും ‘മതമെന്നാൽ ഗുണകാംക്ഷയാണെന്നും’ പ്രവാചകൻ പഠിപ്പിച്ചു.

പ്രവാചകനേയും അനുചരന്മാരേയും നിരന്തരം മർദിക്കുകയും പലരേയും വധിക്കുകയും നാട്ടിൽ നിന്നും പുറത്താക്കുകയും ചെയ്ത ശത്രുക്കൾ ബന്ധിതമായി പ്രവാചക സന്നിധിയിൽ ഹാജരാക്കപ്പെട്ടപ്പോൾ, പ്രവാചകൻ അവരോട് പറഞ്ഞു; നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങളെ വെറുതെ വിട്ടിരിക്കുന്നു.

മഹാനായ ഈ പ്രവാചകന്റെ അനുയായികൾക്ക് എങ്ങനെയാണ് തീവ്രവാദികളാവാൻ കഴിയുക?

## വർഗീയതയോടുള്ള സമീപനം

മനുഷ്യരെല്ലാം ഒരു മാതാവിന്റെയും പിതാവിന്റെയും മക്കളാണന്ന് പഠിപ്പിക്കുന്ന ഖുർആൻ, വർഗീയ ചിന്ത മനുഷ്യമനസ്സിലേക്ക് കടന്നുവരാനുള്ള പഴുതടയ്ക്കുന്നു. മനുഷ്യർക്കിടയിലെ വിവേചനത്തിന്റെ ഏകമാനദണ്ഡം, ദൈവാനുസാരണത്തിന്റേതു മാത്രമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. അതല്ലാത്ത സകല വംശീയ-വർഗീയ-സാമുദായിക-വർണ-ദേശ-ഭാഷ ചിന്താഗതികളുടെ പേരിലുള്ള വിഭാഗീയതകളെയും ഖുർആൻ ശക്തിയുക്തം എതിർക്കുന്നു.

വർഗീയതയെക്കുറിച്ച് പ്രവാചകൻ പറഞ്ഞു: “വർഗീയതയിലേക്ക് ക്ഷണിക്കുന്നവനും വർഗീയതയുടെ പേരിൽ പോരാടുന്നവനും വർഗീയതയുടെ പേരിൽ മരിക്കുന്നവനും നമ്മിൽപെട്ടവനല്ല.” വർഗീയത പ്രവാചകൻ നിർവചിച്ചു; “അനീതിയിൽ സ്വജനതയെ തുണയ്ക്കലത്രെ വർഗീയത.”

ആശയപരമായ വിയോജിപ്പുകൾ ഉണ്ടെങ്കിൽ പോലും മാനുഷിക ബന്ധം സൗഹൃദപരവും നീതിപൂർവകവുമായിരിക്കണമെന്ന് പ്രവാചകൻ പഠിപ്പിച്ചു.

“അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറയ്ക്കുന്നവൻ നമ്മിൽപെട്ടവനല്ല.” എന്നു പ്രവാചകൻ പറഞ്ഞപ്പോഴും “തന്നെക്കുറിച്ച് തന്റെ അയൽക്കാരൻ നിർഭയനാവാത്തിടത്തോളം ഒരാളും മുസ്‌ലീമാവുകയില്ല.” എന്ന് പ്രവാചകൻ ഓർമപ്പെടുത്തിയപ്പോഴും അയൽവാസിയുടെ മതം പരിഗണിക്കാൻ പറഞ്ഞിട്ടില്ലെന്നോർക്കുക.

## സ്ത്രീകളുടെ പദവി ഖുർആനിൽ

പെൺകുട്ടികൾ പിറന്നു വീഴുന്നത് അപമാനമായി കണ്ടിരുന്ന ഒരു സമൂഹപശ്ചാത്തലമായിരുന്നു ഖുർആന്റെ അവതരണം. പെൺകുട്ടികളെ അവർ ജീവനോടു കുഴിച്ചുമൂടി. അറേബ്യയിൽ മാത്രമല്ല; ലോകത്തൊരിടത്തും സ്ത്രീകൾക്ക് അർഹിക്കുന്ന അംഗീകാരമോ പദവിയോ ലഭിച്ചില്ലെന്നു മാത്രമല്ല, കടുത്ത മനുഷ്യാവകാശനിഷേധത്തിന് അവർ വിധേയരായി. സ്ത്രീകൾ കേവലം അടിമകളായി ഗണിക്കപ്പെട്ടു. അവർക്ക് ആത്മാവുണ്ടോ എന്ന കാര്യത്തിൽ പോലും പണ്ഡിതൻമാർക്കിടയിൽ തർക്കമുണ്ടായിരുന്നു. ഭർത്താവ് മരിച്ചാൽ ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട് ഭർത്താവിന്റെ ചിതയിൽ ചാടി ജീവനൊടുക്കാൻ അവൾ വിധിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് സ്ത്രീയും പുരുഷനും മനുഷ്യവർഗ ത്തിലെ രണ്ട് ഇണകളാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നത്. ഒരു പോലെ അവകാശങ്ങളും ബാധ്യതകളുമുള്ള സ്വതന്ത്രവ്യക്തിത്വത്തി നുടമകളായ രണ്ട് വ്യക്തികൾ. ഒന്നിന്റെ അഭാവത്തിൽ മറ്റൊന്നിന് നിലനില്പില്ല. അതുകൊണ്ടുതന്നെ പരസ്പര സഹകരണത്തിലും സഹവർത്തിത്വത്തിലും കഴിയേണ്ടവർ.

ഭരിക്കുന്നവർ എന്നർഥം വരുന്ന ഭർത്താവ്, ഭരിക്കപ്പെടുന്നവർ എന്നർഥം വരുന്ന ഭാര്യ എന്ന പ്രയോഗം ഖുർആൻ നടത്തുന്നില്ല. മറിച്ച്, ഇണ എന്നാണ് ഖുർആന്റെ പ്രയോഗം. അവളെ ഉപദ്രവിക്കു ന്നത് കർശനമായി വിലക്കി. അവൾക്ക് അന്തരാവകാശം നല്കി. വിവാഹം കഴിക്കുമ്പോൾ അവൾക്ക് വിവാഹമൂല്യം നല്കാൻ നിർദേ ശിച്ചു. അതോടൊപ്പം കുടുംബത്തിന്റെ സാമ്പത്തിസകബാധ്യതയിൽ നിന്നും അവളെ ഒഴിവാക്കി. സാമ്പത്തിക ബാധ്യതയും സുരക്ഷിതത്വം നല്കാനുള്ള ചുമതലയും പുരുഷനെ ഏല്പിച്ചപ്പോൾ സ്ത്രീക്ക് സുര ക്ഷയും മാന്യമായ പദവിയും ഉറപ്പുവരുത്തി.

പ്രവാചകൻ പറഞ്ഞു, "നിങ്ങളിൽ ഏറ്റവും ഉത്തമൻ സ്ത്രീക ളോട് മാന്യമായി പെരുമാറുന്നവനാണ്."

"മാതാവിന്റെ കാൽപാദത്തിനു കീഴിലാണ് സ്വർഗം."

"നിന്റെ ഏറ്റവും നല്ല സഹവാസത്തിനുള്ള ഏറ്റവും വലിയ അർഹത നിന്റെ മാതാവിനാണ്."

എന്തുമാത്രം ആദരണീയമായ പദവിയാണ് ഈ പരാമർശങ്ങളി ലൂടെ പ്രവാചകൻ സ്ത്രീകൾക്ക് നല്കുന്നത് എന്നു നോക്കൂ.

ലിംഗനിർണയം നടത്തി പെൺകുഞ്ഞാണെങ്കിൽ ഭ്രൂണഹത്യ ചെയ്യുകയും സ്ത്രീക്ക് വിവാഹമൂല്യം നല്കേണ്ടതിനു പകരം അവ ളിൽ നിന്ന് സ്ത്രീധനമായി ഭാരിച്ച തുക ഈടാക്കുകയും അവളെ കേവലം വാണിഭവസ്തുവായി ചൂഷണം ചെയ്യുകയും ചെയ്യുന്ന ആധുനിക കാലഘട്ടത്തിൽ, നാം ചിന്തിക്കുക നൂറ്റാണ്ടുകൾക്ക് മുമ്പ് ഖുർആൻ സ്ത്രീകൾക്ക് നല്കിയ പദവി എത്ര മഹത്തരമായിരുന്നു ന്ന്.

## ഖുർആൻ നിഷിദ്ധമാക്കിയത്

ദൈവത്തിൽ പങ്കുചേർക്കൽ, കൊല, കൊള്ള, അതിക്രമങ്ങൾ, പലിശ, കള്ളം, ചതി, ചൂതാട്ടം, സ്വർഗഭോഗം, അനീതി, അന്യായം, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അഴിമതി, അനാശാസ്യപ്രവർത്തനങ്ങൾ തുടങ്ങിയ സകല തിന്മകളും ഖുർആൻ വിലക്കുന്നു.

## ഖുർആൻ കല്പിക്കുന്നത്

ദൈവാരാധന, മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, അവശരെയും അശരണരെയും അഗതികളെയും അനാഥരെയും സംരക്ഷിക്കൽ, പര സഹായം, ധർമത്തിനും നീതിക്കും നന്മക്കുവേണ്ടി പോരാടൽ ഇവ യെല്ലാം ഖുർആൻ മനുഷ്യരുടെ ബാധ്യതയായി ഉയർത്തിക്കാട്ടുന്നു.

## 3. ജീവിതലക്ഷ്യം

ഈ ലോകജീവിതം ഒരു പരീക്ഷണമാണെന്നും ഇവിടെ ദൈവകല്പന അനുസരിച്ചു ജീവിക്കുന്നവർ ജീവിതവിജയം കൈവരിക്കുമെന്നും അല്ലാത്തവർ പരാജയപ്പെടുമെന്നും ഖുർആൻ അറിയിക്കുന്നു.

'അവനത്രെ(അല്ലാഹു) ജീവിതവും മരണവും സൃഷ്ടിച്ചത്. നിങ്ങളിലാരാണ് നന്നായി പ്രവർത്തിക്കുന്നത് എന്നറിയാൻ.' അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമത്രെ." (67:2)

മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ലെന്നും അനശ്വരമായ ജീവിതത്തിലേക്കുള്ള ഒരു കവാടം മാത്രമാണ് മരണമന്നും ഖുർആൻ പഠിപ്പിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും സംഗമവേദിയാണ് മനുഷ്യൻ. ഇവയുടെ വേർപാടാണ് മരണം. ശരീരം നശിക്കുമെങ്കിലും ആത്മാവിന് നാശമില്ല. നീതിപൂർവകമായ വിചാരണക്കുശേഷം ആത്മാവിനെ പുതിയ ജഡത്തോടെ കർമഫലം അനുഭവിക്കുന്നതിനായി അർഹിക്കുന്ന ലോകത്തിൽ പ്രവേശിപ്പിക്കും. സൽകർമം പ്രവർത്തിച്ചവർ സ്വർഗത്തിൽ. അല്ലാത്തവർ നരകത്തിൽ. ദ്രവിച്ച അസ്ഥികലശങ്ങളിൽ നിന്ന് എങ്ങനെ മനുഷ്യനെ സൃഷ്ടിക്കുമെന്ന ചോദ്യത്തിന് ഖുർആൻ നല്കുന്ന ഉത്തരം, 'മുൻമാതൃകയിലല്ലാതെ സൃഷ്ടികർമം നിർവഹിച്ച അല്ലാഹുവിന് പുന:സൃഷ്ടിക്ക് എന്തു പ്രയാസം' (56:62). എന്ന മറു ചോദ്യമാണ്.

മരണാനന്തര ജീവിത്തതിൽ പ്രസക്തിയെ ചോദ്യം ചെയ്തവരോട് ഖുർആനിന്റെ മറുപടി 'നന്മ ചെയ്തവരുടെയും തിന്മ പ്രവർത്തിച്ചവരുടേയും ജീവിതം നാം ഒരുപോലെ അവസാനിപ്പിക്കും എന്ന് കരുതുന്നുണ്ടോ? അവരുടെ നിഗമനം എത്രമോശം"

പുനരുത്ഥാനത്തിന് പ്രകൃതിയിൽ നിന്നും ദൃഷ്ടാന്തമുദ്ധരിക്കുന്നുണ്ട് ഖുർആൻ. "നിങ്ങൾ പുനരുത്ഥാനത്തിൽ സംശയാലുക്കളാണോ എങ്കിൽ വരണ്ടുണങ്ങിയ ഭൂമിയിലേക്ക് നോക്കുക. അതിൽ മഴ വർഷിപ്പിക്കുന്നു. അപ്പോൾ... അതിൽ നിന്നും സസ്യലതാദികൾ മുളച്ചുപൊങ്ങുന്നു..." സസ്യകോശങ്ങളിൽ നിന്നും സസ്യങ്ങളെ മുളപ്പിക്കാമെങ്കിൽ മനുഷ്യരെയും പുനസൃഷ്ടിക്കാൻ ദൈവത്തിന് ഒരു പ്രയാസവുമില്ല എന്ന് പ്രകൃതിദൃഷ്ടാന്തങ്ങളുദ്ധരിച്ച് ദൈവം മനുഷ്യരെ പഠിപ്പിക്കുന്നു.

ഖുർആൻ പറയുന്നു.

"എല്ലാവരും മരണം രുചിക്കും. നിങ്ങളുടെ കർമഫലം പൂർത്തീകരിച്ചു കിട്ടുക അന്ത്യനാളിലാണ്. അന്ന് ആർ നരകത്തിൽ നിന്നകറ്റപ്പെട്ട് സ്വർഗത്തിൽ പ്രവേശിക്കപ്പെട്ടുവോ അവൻ വിജയിച്ചു. ഐഹിക ജീവിതം വഞ്ചനയുടെ വിഭവം മാത്രമാകുന്നു." (3:185)

## നീതിയെയും നന്മയെയും കുറിച്ച്

ഖുർആൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

"നിങ്ങൾ നീതിക്കുവേണ്ടി നിലകൊള്ളുന്നവരാവുക."

"അത് നിങ്ങൾക്കോ നിങ്ങളുടെ അടുത്തവർക്കോ എതിരാണെങ്കിൽ പോലും."

"നിങ്ങൾ നീതിപാലിക്കുക, നീതി പാലിക്കുന്നവരെ ദൈവം സ്നേഹിക്കുന്നു."

"ഒരു ജനതയോടുള്ള വിദ്വേഷം അവരോട് അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ." "നിങ്ങൾ നീതിപാലിക്കുക അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്." കഴിയുന്നത്ര നന്മ ചെയ്യാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു. "തീർച്ചയായും അല്ലാഹുവിന്റെ സദ്‌വൃത്തരെ ഇഷ്ടപ്പെടുന്നു." "നിങ്ങൾ നന്മയിലും ധർമത്തിലും സഹകരിക്കുക. ശത്രുതയിലും തിന്മയിലും സഹകരിക്കരുത്."

## ഖുർആന്റെ ദൈവീകതക്കുള്ള ചില ദൃഷ്ടാന്തങ്ങൾ

ഏ.ഡി ആറാം നൂറ്റാണ്ടിലെ ഇരുണ്ട യുഗത്തിലാണ് (Dark Age) ഖുർആൻ അവതീർണമാകുന്നത്. ശാസ്ത്രീയമായ ഗവേഷണ-നിരീക്ഷണ-പരീക്ഷണങ്ങളൊന്നും നടക്കാത്ത കാലത്ത്.

അക്കാലത്ത് അജ്ഞാതവും ആധുനികകാലത്ത് മാത്രം കണ്ടെത്തിയതുമായ നിരവധി ശാസ്ത്രസത്യങ്ങൾ ഖുർആനിൽ നമുക്ക് കാണാൻ കഴിയും. ചില ഉദാഹരങ്ങൾ.

1. "പർവതങ്ങളെ നാം ആണികളാക്കി." (78:8) മനുഷ്യന് ദൈവം നല്കിയ അനുഗ്രഹങ്ങൾ എണ്ണിപ്പറഞ്ഞിടത്ത് ഉദ്ധരിച്ച ഒരു കാര്യം. പർവതത്തിന്റെ മുകളിലെ ഭാഗത്തേക്കാള് കൂടുതൽ ഭൂമിക്കടിയിലേക്കാണ്. ഭൂമിയുടെ ഘടന ഉറപ്പിച്ചു നിർത്തുന്ന ദൗത്യമാണ് മുഖ്യമായും പർവതത്തിന്റേത്. ഇത് ഒരു ആണിയുടേതിന് സമാനമത്രെ. പ്രവാചകകാലത്ത് അജ്ഞാതമായിരുന്ന ഈ ഭൗതികജ്ഞാനം ആധുനിക ശാസ്ത്രം സത്യമാണെന്ന് തെളിയിച്ചിരിക്കുന്നു.

2. "നിങ്ങൾക്കുവേണ്ടി ആകാശത്തെ മേൽപ്പുരയാക്കി."(2:22)

ഉപരിലോകത്തുനിന്നും വരുന്ന ഉൽക്കകളേയും മാരകശക്തികളെയും തടഞ്ഞുനിർത്തുന്ന ഓസോൺ പാളിയേയും അന്തരീക്ഷമണ്ഡലത്തേയും കുറിച്ചുള്ള അറിവ് ആധുനിക ശാസ്ത്രം കൈവരിച്ചരിക്കുന്നു. കൃത്യമായ ഒരു മേൽക്കൂരയുടെ ധർമം.

തേനീച്ചയുടെ ലിംഗം നിർണയിക്കാൻ കഴിയാതിരുന്ന കാലത്ത് പെൺതേനീച്ചയാണ് തേൻ ശേഖരിക്കുന്നതും കൂടു നിർമിക്കുന്നതുമെന്ന് ഖുർആൻ വ്യക്തമാക്കി (16:66,69). ഇനിയും നൂറുകണക്കിന് ദൃഷ്ടാന്തങ്ങളുണ്ട് ദൈർഘ്യം ഭയന്ന് ചുരുക്കുന്നു.

## പൂർവവേദങ്ങളും ഖുർആനിന്റെ നിത്യപ്രസക്തിയും

ഖുർആൻ അവസാനത്തെ വേദഗ്രന്ഥമാണ്. ഖുർആനിന് മുമ്പ് നിരവധി വേദഗ്രന്ഥങ്ങൾ ദൈവം അവതരിപ്പിച്ചിട്ടുണ്ട്. പുരോഹി

തവർഗം സ്വാർഥ താല്പര്യത്തിനായി അവ വളച്ചൊടിക്കുകയും അതിന്റെ തനിമ നശിപ്പിക്കുകയും ചെയ്തു.

ശേഷം ആർക്കും മാറ്റിമറിക്കാനാവാത്ത ഒരു ഗ്രന്ഥം ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യർക്കുമായി ദൈവം നല്കി. അതത്രെ ഖുർആൻ.

ഖുർആനിനെക്കുറിച്ച് അല്ലാഹു പറയുന്നു.

''നാമാണ് ഇത് അവതരിപ്പിച്ചത്. നാം ഇത് കാത്തുസൂക്ഷിക്കും.''(15:9) 1400 വർഷമായി അക്ഷരത്തിലോ ആശയത്തിലോ ഒരു തിരുത്തലുകൾക്കും വിധേയമാവാതെ ഖുർആൻ ഇന്നും നിലനില്ക്കുന്നു.

ഖുർആനിലെ നിയമങ്ങളോ സിദ്ധാന്തങ്ങളോ അപ്രസക്തങ്ങളാണെന്നോ ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതാണെന്നോ തെളിയിക്കാൻ ആർക്കുമായിട്ടില്ല. മാത്രമല്ല, കാലം ചെല്ലുംതോറും അതിന്റെ പ്രസക്തി ഏറുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഖുർആൻ മുന്നോട്ടുവെക്കുന്ന സാമ്പത്തിക സിദ്ധാന്തമാണ് ആധുനിക ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾക്കുള്ള യഥാർഥ പരിഹാരമെന്ന് ധനതത്വശാസ്ത്രത്തിൽ നോബൽസമ്മാനം നേടിയ അമർത്യസെൻ വ്യക്തമാക്കിയിട്ടുള്ളത്. ഖുർആനിന്റെ പ്രസക്തി അനുദിനം കൂടിവരുന്നു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു.

## മുഹമ്മദ് നബിയുടെ വ്യക്തിത്വം

1400 വർഷങ്ങൾക്കു മുമ്പ് മക്കയിലാണ് മുഹമ്മദ് നബി ജനിക്കുന്നത്. 40 വയസ്സുവരെ സ്വജനതക്കിടയിൽ ഒരാൾക്കുപോലും അഭിപ്രായവ്യത്യാസമില്ലാതെ സർവസമ്മതനായി അദ്ദേഹം ജീവിച്ചു. അവരദ്ദേഹത്തെ അൽഅമീൻ 'വിശ്വസ്തൻ' എന്നു വിളിച്ചു. സൂക്ഷിപ്പുമുതലുകൾ അവരദ്ദേഹത്തെയാണ് വിശ്വസിച്ചേല്പിച്ചിരുന്നത്. അവർക്കിടയിൽ തർക്കമുണ്ടാകുമ്പോൾ അവരദ്ദേഹത്തെയാണ് മധ്യസ്ഥനാക്കിയിരുന്നത്. ചെറുപ്പത്തിലേ അനാഥനായതിനാൽ അക്ഷരാഭ്യാസം സിദ്ധിക്കാനാവാത്ത നിരക്ഷരനായിരുന്നു അദ്ദേഹം. 40 വയസ്സുതികഞ്ഞപ്പോൾ അദ്ദേഹം ജനങ്ങളോട് പറഞ്ഞു, ദൈവം എന്നെ പ്രവാചകനായി തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ ദൈവത്തെ മാത്രം ആരാധിക്കുക. അന്യരെ ഉപദ്രവിക്കാതിരിക്കുക. മറ്റുള്ളവരെ സഹായിക്കുക. ജീവിതത്തിൽ സത്യസന്ധതയും വിശുദ്ധിയും പാലിക്കുക. ഈ ജീവിതം ഒരു പരീക്ഷണമാണ്. മനുഷ്യന്റെ കർമങ്ങൾക്ക് പ്രതിഫലം ലഭിക്കുന്ന ഒരു വേദി വരാനുണ്ട്; അതത്രെ പരലോകം. അദ്ദേഹത്തിന് അവതരിപ്പിക്കട്ടെ വിശുദ്ധ ഖുർആനിലെ വചനങ്ങൾ അദ്ദേഹം അവരെ കേൾപ്പിച്ചു. അതുവരെ അദ്ദേഹത്തെ ആത്മമിത്രമായി വരിച്ചിരുന്നവർ അതോടെ അദ്ദേഹത്തിന്റെ കഠിനശത്രുക്കളായി. അവരദ്ദേഹത്തെയും അദ്ദേഹത്തിൽ വിശ്വസിച്ചവരേയും ക്രൂരമായി മർദിച്ചു. കഠിനമായി പീഡിപ്പിച്ചു. നീണ്ട ഒരു പതിറ്റാണ്ടുകാലം. പക്ഷേ, അപ്പോഴും അവരൊന്ന് പറഞ്ഞു: മുഹമ്മദ് സത്യസന്ധനാണ്.

അദ്ദേഹം ജീവിതത്തിലൊരിക്കലും കളവു പറഞ്ഞിട്ടില്ല. നമുക്കദ്ദേഹത്തോടെതിർപ്പില്ല; അദ്ദേഹം കൊണ്ടുവന്ന ആശയത്തോടാണ് എതിർപ്പ്. അവരദ്ദേഹത്തിനു മുമ്പാകെ പ്രലോഭനങ്ങൾ ചൊരിഞ്ഞു. താങ്കൾ ഈ ആശയപ്രചരണം നിർത്തുക! ഞങ്ങൾ താങ്കളെ ഇവിടുത്തെ രാജാവാക്കാം. സുന്ദരികളെ വിവാഹം കഴിച്ചു തരാം. വിനയപൂർവം അദ്ദേഹം മറുപടി കൊടുത്തു. എന്റെ വലതുകയ്യിൽ സൂര്യനും ഇടതുകയ്യിൽ ചന്ദ്രനും വെച്ചുതന്നാലും ഞാനീ സത്യപ്രബോധനരംഗത്തുനിന്നും പിൻമാറുകയില്ല. ഒന്നുകിൽ ഇവിടെ സത്യം പുലരണം. അല്ലെങ്കിൽ ഇതുവഴി ഞാൻ മരിക്കണം. കാലം പിന്നേയും കടന്നുപോയി. പ്രവാചകന്മാരും അനുചരന്മാരും മദീനയിലേക്ക് പലായനം ചെയ്തു. അവിടെ ഒരു രാഷ്ട്രം സ്നേഹാദരപൂർവം അദ്ദേഹത്തെ വരവേറ്റു. ക്രമേണ മക്കയും തുടർന്നു പല അനുബന്ധരാഷ്ട്രങ്ങളും അദ്ദേഹം പ്രബോധനം ചെയ്ത ആദർശത്തെ ഏറ്റുവാങ്ങി.

ഒരു വലിയ രാഷ്ട്രത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത തലവനായിരുന്നിട്ടും അവരിലെ സാധാരണക്കാരിൽ സാധാരണയായി അദ്ദേഹം ജീവിച്ചു. ഒരിക്കലുണ്ടാൽ പലനാൾ പട്ടിണി കിടന്നു, പരുപരുത്ത പായയിലന്തിയുറങ്ങിയും കൊച്ചുകൂരയിൽ കഴിഞ്ഞുകൂടിയും അദ്ദേഹം അങ്ങേയറ്റത്തെ ലളിതജീവിതം നയിച്ചു. അതേകാലത്ത് റോമ-പേർഷ്യൻ സാമ്രാജ്യാധിപന്മാർ സമാനതകളില്ലാത്ത സുഖലോലുപതയിൽ ആറാടുകയായിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. പൊതുഖജനാവിൽ സന്തത്തുണ്ടായായിരുന്നിട്ടും തനിക്കർഹതപ്പെട്ടതല്ല എന്ന കാരണത്താൽ പ്രവാചകൻ അതു സ്പർശിച്ചില്ല. അദ്ദേഹം ഈ ലോകത്തോട് വിട പറയുമ്പോൾ അദ്ദേഹത്തിന്റെ അങ്കി ഒരു ജൂതൻ വശം പണയത്തിലായിരുന്നു. അല്പം ഭക്ഷണപദാർഥം കടം വാങ്ങിയതിന്റെ പേരിൽ. പറയുക, ലോകം കണ്ട ഏതു ഭരണാധികാരിയുടെ ജീവിതത്തിനാണ് ഇതിനു സമാനതയുള്ളത്?

## ഇവിടെ നാം അല്പം ചിന്തിക്കുക.

1. ജനങ്ങളോട് ഒരിക്കലും കള്ളം പറയാത്ത ഒരാൾ എന്തിനാണ് ദൈവത്തിന്റെ പേരിൽ കള്ളം പറയുന്നത്?
2. നിരക്ഷരനായ ഒരു മനുഷ്യന് എങ്ങനെയാണ് വിവിധങ്ങളായ വിജ്ഞാനശാഖകളുടെ ഒരു മഹകലവറയും മനുഷ്യജീവിതത്തിന്റെ സകലതല സ്പർശിയുമായി ഒരു ബൃഹത്ഗ്രന്ഥം രചിക്കാൻ സാധിക്കുന്നത്.
3. സർവവിധ സൗഭാഗ്യങ്ങളും അനുഭവിക്കാൻ അവസരമുണ്ടായിട്ടും അതെല്ലാം കൈയൊഴിഞ്ഞ ഒരു മനുഷ്യൻ സ്വാർഥതാല്പര്യത്തിനുവേണ്ടി വ്യാജം കെട്ടിച്ചമച്ചു എന്നു വിശ്വസിക്കാൻ എന്തു ന്യായം?
4. ഖുർആനിന്റെ ജീവിക്കുന്ന ഒരു പതിപ്പായിരുന്നു, പ്രവാചകനെന്ന് അവിടുത്തെ ജീവിതം പഠിക്കുന്ന ആർക്കും ബോധ്യപ്പെടാതി

രിക്കില്ല. ഖുർആൻ മുഹമ്മദ് നബിയുടെ രചനയാണെങ്കിൽ അത് വ്യാജമാണെന്ന് നന്നേ ചുരുങ്ങിയത് അദ്ദേഹമെങ്കിലും അറിയുമല്ലോ. എങ്കിൽ അതിലെ ആശയങ്ങൾ ജീവിതത്തിൽ പാലിക്കാൻ അത്ര ആത്മാർഥത അദ്ദേഹം കാണിക്കില്ല എന്നത് തീർച്ചയല്ലേ?

5. രാത്രിയുടെ അന്ത്യയാമങ്ങളിൽ നിദ്രാവിഹീനനായി ദൈവത്തോട് പൊട്ടിക്കരഞ്ഞു പ്രാർഥിക്കുന്ന പ്രവാചകന്റെ ചിത്രം അദ്ദേഹത്തിന്റെ പത്നി വിവരിക്കുന്നുണ്ട്. ദൈവത്തിന്റെ പേരിൽ കള്ളം ചമച്ച ഒരു വ്യാജവാദിയുടെ ഭാവമോ അതല്ല ദൈവവചനം നെഞ്ചേറ്റു വാങ്ങിയ ഒരു നിഷ്ക്കളങ്കനായ ദൈവദൂതന്റെ ഭാവമോ ഏതാണിവിടെ പ്രതിഫലിക്കുന്നത്?

6. നിശയുടെ നിശബ്ദതയിൽ ഭക്തിനിർഭരം ദൈവത്തോടുള്ള അദ്ദേഹത്തിന്റെ പ്രാർഥന റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. "അല്ലാഹുവേ ഞാൻ നിന്റെ അടിമയാണ്. നിന്റെ അടിമയുടെ പുത്രനാണ്. നീ തൃപ്തിപ്പെട്ട നിന്റെ സർവസുന്ദരനാമങ്ങളുടെ പേരിൽ ഞാൻ നിന്നോട് ചോദിക്കുന്നു. ഖുർആനിനെ നീ എന്റെ ഹൃദയത്തിന്റെ പ്രകാശമാക്കേണമേ..."

   പറയുക; ഈ പ്രാർഥന ദൈവത്തിന്റെ പേരിൽ കളവു പറയുന്ന ഒരു അസത്യവാദിയുടേതാണോ? അല്ലെങ്കിൽ ദൈവിക സന്ദേശമേറ്റുവാങ്ങിയ സത്യസന്ധനായ ഒരു ദൈവദൂതന്റേതോ?

## അവസാനമായി

മനുഷ്യരൊന്നാണ്. ഒരേ വായു ശ്വസിക്കുന്ന... ഒരേ വെള്ളം കുടിക്കുന്ന.... ഒരേ ഭൂമിയിൽ വസിക്കുന്ന... ബാഹ്യവും ആന്തരികവുമായ ഒരു ശരീരഘടനയുള്ള ഒരേ ഒരു വർഗം, മനുഷ്യവർഗം!

നമുക്കെല്ലാമായി ദൈവം നല്കിയ സന്ദേശം ഒന്നാണ്. വിവിധ കാലങ്ങളിൽ... വിവിധ ഭാഷകളിൽ... വിവിധ ദേശങ്ങളിൽ...

കാലാന്തരങ്ങളിൽ നമുക്ക് കൈമോശം വന്നുപോയ ദിവ്യസന്ദേശത്തിന്റെ പുനരാവർത്തനമാണ് അവസാനമായി ദൈവം നമുക്ക് നല്കിയ വിശുദ്ധ ഖുർആൻ.

എല്ലാ മനുഷ്യർക്കും ഒരുപോലെ അവകാശപ്പെട്ട-ബാധകമായ-ദൈവവചനങ്ങളുടെ സമാഹാരം.

പ്രപഞ്ചനാഥന്റെ സന്ദേശം, ഖുർആന്റെ വെളിച്ചത്തിൽ ലഘുവായി പ്രകാശിപ്പിക്കുകയാണിവിടെ ചെയ്തത്.

കൂടുതൽ പഠന-മനനങ്ങൾക്ക് സത്യാന്വേഷികളായ വായനക്കാർ സന്നദ്ധരാവുമെന്ന പ്രതീക്ഷയോടെ...

●